# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4369** | 25.10.2016 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റ്റി.വി.രാജേഷ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ജീവനക്കാർക്കും, വ്യാപാരികൾക്കും പ്രത്യേക പരിശീലനം ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | മാതൃകാ ജി.എസ്.ടി നിയമത്തെ ആസ്പദമാക്കി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെൻട്രൽ എക്സൈസും, നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, എക്സൈസ് ആന്റ് നർകോട്ടിക്സും (NACEN) സംസ്ഥാന വാണിജ്യ നികുതി വകുപ്പുമായി യോജിച്ച് കൊണ്ടുള്ള പരിശീലന പരിപാടി ആരംഭിക്കുകയും അവ തുടർന്നു വരികയുമാണ്. ഫീൽഡ് ലെവൽ ഓഫീസർമാർക്ക് വേണ്ടിയുള്ള ട്രെയിനിംഗ് സംസ്ഥാന വ്യാപകമായി ആരംഭിക്കുവാനിരിക്കുകയാണ്. ഇത് ഡിസംബർ പകുതിയോടെ പൂർത്തിയാക്കി എല്ലാ നികുതി നിർണ്ണയാധികാരികളുടേയും ട്രെയിനിംഗ് പൂർത്തിയാക്കാനാണ് കരുതുന്നത്. ചരക്കു സേവന നികുതി നിയമം അംഗീകരിക്കപ്പെട്ടാലുടൻ വ്യാപാരി സമൂഹത്തിനും ടാക്സ് പ്രാക്ടീഷണർമാർക്കും വേണ്ട പരിശീലന ക്ലാസ്സുകൾ തുടങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാന സർക്കാരിന് ഏതെല്ലാം | (ബി) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ |

| | | | |
|---|---|---|---|
| | മേഖലകളിൽ വരുമാന വർദ്ധനവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത് വിശദമാക്കാമോ? | | സംസ്ഥാനമായ കേരളത്തിന് ഇത് ഗുണകരമാകും എന്നാണ് പ്രതീക്ഷ. ഇതിനു പുറമേ സേവനങ്ങൾക്ക്മേലുള്ള കേന്ദ്ര സർക്കാർ മാത്രം ചുമത്തികൊണ്ടിരുന്ന നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷുറൻസ്, തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് ഉയർന്നതാണ്. ഈ മേഖലകളിൽ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**